കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള KL 01G 612 രജിസ്ട്രേഷനിലുള്ള റോഡ് റോളർ ലേലം ചെയ്യുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3988/2017/തസ്വഭവ — തിരുവനന്തപുരം, തീയതി, 12.12.2017

വായന :- 1) 04.09.13 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം

2) സ.ഉ.(പി)102/17/ധന തീയതി 07.08.17 .

3) പഞ്ചായത്ത് ഡയറക്ടറുടെ 23.10.17 ലെ ജി2-68/10 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള KL 01G 612 രജിസ്ട്രേഷനിലുള്ള റോഡ് റോളറിന് പി.ഡബ്ല്യു. മെക്കാനിക്കൽ വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം 4 ലക്ഷം രൂപ മൂല്യം നിശ്ചയിച്ചിട്ടുള്ളതാണെന്നും ടി വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടമുണ്ടാക്കുന്നതുമാണെന്നും വകുപ്പ് തലവൻമാർക്ക് വാഹനം കണ്ടം ചെയ്യുന്നതിന് അനുമതി നൽകാവുന്ന പരമാവധി തുക 3 ലക്ഷമായതിനാൽ 12.06.14 മുതൽ ഉപയോഗശൂന്യമായി കിടക്കുന്ന ടി റോഡ് റോളർ ലേലം ചെയ്ത് നൽകുന്നതിനുള്ള അനുമതി നൽകണമെന്നും മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. പഞ്ചായത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് റോളറുകളിൽ പ്രവർത്തനരഹിതമായവ ലേലം ചെയ്തുവിൽക്കുന്നതിനും പ്രവർത്തനക്ഷമമായവയുടെ തത്സ്ഥിതി തുടരാനും നഗരകാര്യവകുപ്പിന്റെ അധീനതയിലുള്ള എല്ലാ റോഡുറോളറുകളും ലേലം ചെയ്യാനും മുകളിൽ ഒന്നാമതായി വായിച്ച സി.സി.തീരുമാന പ്രകാരം തീരുമാനിച്ചിരുന്നു

2) വായന(2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള KL 01G 612 രജിസ്ട്രേഷനിലുള്ള റോഡ് റോളർ ലേലം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ)യുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ)യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ